(സി) ജില്ലയിലെ കൂടുതൽ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനും എല്ലാ മാരക രോഗങ്ങളെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ, പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടെ പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലെസ് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള സർക്കാരിതര ആശുപത്രികളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

കാരുണ്യ സ്കീമിൽ ഉൾപ്പെട്ട രോഗങ്ങൾക്ക് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും കാരുണ്യ വ്യവസ്ഥ അംഗീകരിക്കുന്നതുമായ സ്വകാര്യ ആശുപത്രികൾക്കാണ് അക്രെഡിറ്റേഷൻ നൽകിയിട്ടുള്ളത്.

എന്നാൽ പദ്ധതി പ്രകാരമുള്ള എല്ലാ പാക്കേജുകളും ഏറ്റെടുക്കാൻ പല സ്വകാര്യ ആശുപത്രികളും തയ്യാറായിട്ടില്ല.

ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നീ രോഗങ്ങളായിരുന്നു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സൂഷ്മ നാഡി എന്നിവയും ചികിത്സാ ധനസഹായം നൽകിവരുന്നു.

(സി) ആധുനിക ചികിത്സ/സേവന സൗകര്യങ്ങളുള്ളതും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പാക്കേജുകൾ അംഗീകരിച്ച് ധാരണാപത്രം ഒപ്പുവയ്ക്കാൻ തയ്യാറായിട്ടുള്ളതുമായ കൂടുതൽ സ്വകാര്യ ആശുപത്രികളെ പദ്ധതിയിലേയ്ക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. വരുമാനത്തേക്കാൾ ധനസഹായത്തിനുള്ള ആവശ്യം അധികരിച്ചിരിക്കുന്നതിനാൽ കൂടുതൽ ചികിത്സാ ചെലവ് വരുന്ന എല്ലാ മാരക രോഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തടസ്സമുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിലെ ജീവനക്കാർ

135(2124) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഇപ്പോൾ ആകെ എത്രപേർ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും അവരുടെ തസ്തികകളും വേതനവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽനിന്നുള്ള ഫണ്ട് വിനിയോഗിച്ച് പ്രവർത്തിക്കുന്ന പദ്ധതിയെന്ന നിലയിൽ ജീവനക്കാരെ പൂർണ്ണമായും പി.എസ്.സി.-വഴി നിയമിക്കാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ ;

(സി) ഈ സ്കീമിലെ ആഫീസുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ജില്ലാ-കോ-ഓർഡിനേറ്റർമാരെയോ മറ്റേതെങ്കിലും ജീവനക്കാരെയോ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ;

(ഇ) ഈ സ്കീമിൽ ജോലി ചെയ്യുന്ന കരാർ/ദിവസ വേതനക്കാരെ ഒഴിവാക്കി പബ്ലിക്ക് സർവ്വീസ് കമ്മീഷൻവഴി ചട്ടപ്രകാരം ജീവനക്കാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ സർക്കാർ ജീവനക്കാരും കോൺട്രാക്ട്, ഡെയിലി വേജസ് അടിസ്ഥാനത്തിലുള്ളവരുമായി ആകെ 102 പേർ സേവനമനുഷ്ഠിക്കുന്നു. പ്രസ്തുത ജീവനക്കാരുടെ തസ്തികയും വേതനവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

സർക്കാർ ജീവനക്കാർ

(ഭാഗ്യക്കുറി വകുപ്പിൽനിന്നും)

തസ്തിക		എണ്ണം
നോഡൽ ഓഫീസർ (ജോയിന്റ് ഡയറക്ടർ)	-	1
ഫിനാൻസ് ഓഫീസർ (സെക്രട്ടേറിയറ്റിൽനിന്നും)	-	1
ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ	-	1
ജൂനിയർ സൂപ്രണ്ട്	-	1
യു.ഡി. ക്ലാർക്ക്	-	2

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് ജീവനക്കാർ

തസ്തിക	എണ്ണം	വേതനം
മാനേജർ അഡ്മിനിസ്ട്രേഷൻ	1	40,000
അസിസ്റ്റന്റ് മാനേജർ (അക്കൗണ്ട്സ്)	1	22,000
കൺസൾട്ടന്റ് ഡോക്ടർ	1	30,000
ലെയ്സൺ ഓഫീസർ	2	20,000
അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ	1	22,000
അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ	1	15,000
കോ-ഓർഡിനേറ്റർ	2	25,000
ജില്ലാ ലെയ്സൺ ഓഫീസർ	14	20,000

ഡെയിലി വേജസ് ജീവനക്കാർ

ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ഹെഡ് ഓഫീസ്) (ദിവസ വേതനാടിസ്ഥാനത്തിൽ 400 രൂപ വീതം)	-18
ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ജില്ലാ ഓഫീസ്) (ദിവസ വേതനാടിസ്ഥാനത്തിൽ 400 രൂപ വീതം)	- 47
ക്ലാർക്ക് (ദിവസ വേതനാടിസ്ഥാനത്തിൽ 400 രൂപ നിരക്കിൽ)	- 1
ഡ്രൈവർ (ദിവസ വേതനാടിസ്ഥാനത്തിൽ 450 രൂപ നിരക്കിൽ)	- 2
ഓഫീസ് അറ്റൻഡന്റ് (ദിവസ വേതനാടിസ്ഥാനത്തിൽ 350 രൂപ വീതം)	- 4
കാഷ്യൽ സ്വീപ്പർ (കൺസോളിഡേറ്റഡ്)	- 1- 4000 രൂപ

(ബി) പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തസ്തിക സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നിയമ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിന്റെ സാമ്പത്തിക പരിമിതികളും ജീവനക്കാരെ പൂർണ്ണമായും പി.എസ്.സി. വഴി നിയമിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ലോട്ടറിയിൽനിന്നുള്ള വരുമാനം ഉപയോഗിച്ച് നടത്തപ്പെടുന്ന ഒരു പദ്ധതിയെന്ന നിലയിലും പദ്ധതി നടപ്പാക്കുന്നതിലെ അടിയന്തര സ്വഭാവം കണക്കിലെടുത്തുമാണ് നിലവിലെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി&ഡി) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ ഇപ്പോൾ ജോലിചെയ്യുന്ന ജീവനക്കാരെ ആരെയുംതന്നെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യാ ഫണ്ട്

136(2125) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യാ ഫണ്ടിൽനിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; ഓരോ വർഷവും എത്ര വീതമെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്ര ; വിശദമാക്കുമോ ;

(സി) ഓരോ നിയോജകമണ്ഡലത്തിലും ചെലവഴിച്ച തുക എത്ര വീതമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2015 മേയ് വരെ 746.76 കോടി രൂപ അനുവദിച്ചതിൽ 583.97 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വർഷവും ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം A ആയി ചേർക്കുന്നു.*

(ബി) ആകെ വിതരണം ചെയ്ത 583.97 കോടി രൂപയുടെ ജില്ലാതലത്തിലുള്ള വിശദാംശങ്ങളുടെ കണക്കെടുത്തിട്ടില്ല. ജില്ലാതലത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം B ആയി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly